**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 475** **09-08-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബിയിൽ ഉൾപ്പെടുത്തിയ വിദ്യാലയങ്ങളുടെ സാങ്കേതികാനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കുഞ്ഞിമംഗലം സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ, കൊട്ടില സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ, ചെറുകുന്ന് ബോയ്സ് സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ, കല്ല്യാശ്ശേരി ഹയർ സെക്കണ്ടറി സ്കൂൾ എന്നീ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ പദ്ധതി നിർവ്വഹണ ഏജൻസിയായ കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ ) മുഖേന സാങ്കേതികാനുമതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | കിഫ്ബി പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകേണ്ട ഉത്തരവാദിത്വം അതത് പദ്ധതി നിർവ്വഹണ ഏജൻസികളുടേതാണ്. കിഫ്ബിയിൽ ഉൾപെടുത്തി മൂന്ന് കോടി രൂപയുടെ ധനാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ കില മുഖേന നിർമ്മാണം നടത്തുന്ന കുഞ്ഞിമംഗലം സർക്കാർ ഹയർസെക്കണ്ടറി സ്കൂൾ, കൊട്ടില സർക്കാർ ഹയർസെക്കണ്ടറി സ്കൂൾ, ചെറുകുന്ന് ബോയ്സ് സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ, കല്യാശ്ശേരി ഹയർ സെക്കണ്ടറി സ്കൂൾ എന്നീ വിദ്യാലയങ്ങൾക്ക് സാങ്കേതിക അനുമതി ലഭ്യമാക്കാൻ പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായ കില സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1.കുഞ്ഞിമംഗലം സർക്കാർ ഹയർസെക്കണ്ടറി സ്കൂൾ :** ടി സ്കൂളിന് 02.04.2023-ന് കില സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.<br><br>**2. കൊട്ടില സർക്കാർ ഹയർസെക്കണ്ടറി സ്കൂൾ :** ടി സ്കൂളിന്റെ മുൻ പദ്ധതി നിർവ്വഹണ ഏജൻസിയായ ഇൻകെൽ കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം നേടിയ ഡിപിആറിൽ, നിർമ്മിതി കേന്ദ്രം പണി പൂർത്തിയാക്കിയ കെട്ടിടത്തിന്റെ മുകളിൽ വെർട്ടിക്കൽ എക്സ്പാൻഷൻ ആണ് പ്രപ്പോസ് ചെയ്തിരുന്നത്. എന്നാൽ പുതിയ പദ്ധതി നിർവ്വഹണ ഏജൻസിയായ കില നടത്തിയ പരിശോധനയിൽ ടി നിർമ്മാണം സാധ്യമല്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന്, ടി സ്കൂൾ കോമ്പൗണ്ടിൽ തന്നെ മറ്റൊരു സ്ഥലത്ത് കെട്ടിട നിർമാണം നടത്തുന്നതിന് തീരുമാനിക്കുകയും ഇതിനായി ഒരു പ്ലാൻ തയ്യാറാക്കി പഞ്ചായത്തിൽ നിന്നും Feasibility Certificate ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് ടെക്നിക്കൽ സാങ്ഷൻ |

| | | | |
|---|---|---|---|
| | | | നൽകാനുള്ള നടപടികൾ ആരംഭിക്കുന്നതായിരിക്കുമെന്ന് കില അറിയിച്ചിട്ടുണ്ട്.<br><br>**3.ചെറുകുന്ന് ബോയ്സ് സർക്കാർ ഹയർസെക്കണ്ടറി സ്കൂൾ :** ടി സ്കൂളിന് ടെക്നിക്കൽ സാങ്ഷൻ ലഭ്യമാക്കുന്നതിന് റെയിൽവേയിൽ നിന്നുള്ള എൻ ഒ സി (NOC) ആവശ്യമാണ്. ഇതിനായുള്ള അപേക്ഷ ടി സ്കൂൾ മുഖാന്തിരം കില 05.06.2023 തീയതിയിൽ റെയിൽവേയിൽ സമർപ്പിച്ചിട്ടുണ്ട്.<br><br>**4. കല്യാശ്ശേരി ഹയർസെക്കണ്ടറി സ്കൂൾ :**<br><br>ടി സ്കൂളിന് 02.04.2023-ന് കില സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ